**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1596** **11-09-2023 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ പട്ടയവിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ ഏഴായിരത്തോളം പട്ടയ അപേക്ഷകളിൻമേൽ പട്ടയ വിതരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ, എരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട്, എന്നീ മൂന്ന് വില്ലേജുകളിൽ 9 സർവ്വെ നമ്പരുകളിലായി കിടക്കുന്ന സ്ഥലങ്ങൾ റീസർവ്വെ റിക്കാർഡിൽ ഭൂമിയുടെ തരം രേഖപ്പെടുത്തുന്ന ഭാഗത്ത് പുറമ്പോക്ക്, ഫോറസ്റ്റ്, പുരയിടം എന്നും ആയതിന്റെ റിമാർക്സ് കോളത്തിൽ ഹിൽമൻ സെറ്റിൽമെന്റ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു.<br><br>എരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട്, എന്നീ മൂന്ന് വില്ലേജുകളിലായുള്ള 1450 ഹെക്ടർ പ്രദേശത്ത് ഏഴായിരത്തിൽ പരം ആളുകൾ താമസിച്ച് വരുന്നു. ഇവരിൽ മറ്റ് ജനവിഭാഗങ്ങളോടൊപ്പം ഗണ്യമായ തോതിൽ മലയരയ, ഉള്ളാട വിഭാഗങ്ങളും ഉൾപ്പെട്ടു വരുന്നു. ടി ആളുകൾക്ക് 02.06.2020-ലെ സ.ഉ (ആർ.ടി) നം. 2020/2020/റവ നമ്പർ ഗവൺമെന്റ് ഉത്തരവ് (ജണ്ടക്ക് പുറത്ത് വരുന്ന സ്ഥലത്ത് റിക്കാർഡുകളിൽ നിലം, തരിശ്, പുരയിടം എന്ന് രേഖപ്പെടുത്തിയിട്ടുള്ള വസ്തുക്കൾ പട്ടികവർഗ്ഗക്കാർക്ക് പതിച്ച് നൽകുന്ന) പ്രകാരം പട്ടയം നൽകണമെന്ന് കാണിച്ച് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ടി സ്ഥലങ്ങൾ ജണ്ടക്ക് പുറത്ത് സ്ഥിതി ചെയ്യുന്നതാണെന്നും എന്നാൽ വനഭൂമിയുടെ പരിധിയിൽ വരുന്നതിനാൽ പതിച്ച് നൽകുന്നത് നിയമാനുസൃതമല്ലെന്നും വനം വകുപ്പ് അറിയിച്ചിട്ടുള്ളതാണ്.<br><br>പ്രസ്തുത സ്ഥലങ്ങൾ 1980-ലെ വന സംരക്ഷണ നിയമത്തിൽ ഉൾപ്പെട്ട് വരുന്നതാണെന്നും അവിടെ താമസിക്കുന്നവർക്ക് 2006-ലെ വനാവകാശ നിയമപ്രകാരം വനാവകാശ രേഖ നൽകിയിട്ടുള്ളതാണെന്നും ടി ഭൂമി വനം വകുപ്പിന്റെ റിക്കാർഡുകളിൽ ട്രൈബൽ സെറ്റിൽമെന്റ് |

| | | | |
|---|---|---|---|
| | | | ഗിരിവർഗ്ഗകോളനി എന്നിങ്ങനെയാണ് കാണുന്നതെന്നും 02.06.2020-ലെ സർക്കാർ ഉത്തരവ് പ്രകാരം സ്ഥലം പതിച്ച് കൊടുത്താൽ ആയത് നിലവിലുള്ള കോടതി ഉത്തരവുകളുടെയും 1980-ലെ വന സംരക്ഷണ നിയമത്തിന്റെയും ലംഘനമാകുമെന്നും, കേന്ദ്ര അനുമതിയും ജോയിന്റ് വെരിഫിക്കേഷനും നടത്തി മേൽ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ മാത്രമേ പട്ടയം അനുവദിക്കാവൂ എന്നും വനം വകുപ്പ് അറിയിച്ചിട്ടുണ്ട്.<br><br>എന്നാൽ റിമാർക്സ് കോളത്തിൽ എന്തു തന്നെ രേഖപ്പെടുത്തിയാലും മുമ്പ് വനം വകുപ്പ് വിട്ടു നൽകിയ ഭൂമിയാണ് എന്നതു പരിഗണിച്ച് ടി സർക്കാർ ഉത്തരവ് പ്രകാരം ഭൂമി പതിച്ചു നല്കാനാകുമോ എന്ന് സർക്കാർ പരിശോധിച്ചുവരികയാണ്. ഇതു കൂടാതെ എരുമേലി തെക്ക് വില്ലേജിൽ പമ്പാവാലി-എയ്ഞ്ചൽ വാലി പ്രദേശങ്ങളിൽ സ.ഉ (കൈ) 502/2015/റവ ഉത്തരവ് പ്രകാരം വിതരണം ചെയ്തിരുന്ന പട്ടയങ്ങൾ റദ്ദ് ചെയ്ത് പുതിയ റീ സർവ്വേ പ്രകാരം കൈവശത്തിന്റെ അടിസ്ഥാനത്തിൽ പുതിയ പട്ടയങ്ങൾ നൽകാൻ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. |
| (ബി) | മണ്ഡലത്തിലെ മലയോര മേഖലയിലെ പട്ടയവിതരണം കൂടുതൽ വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ബി) | പമ്പാവാലി-എയ്ഞ്ചൽ വാലി പ്രദേശങ്ങളിൽ നാളിതുവരെ 650 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതും, 50 എണ്ണം പട്ടയ നടപടി പൂർത്തീകരിച്ച് വിതരണത്തിനായി തയ്യാറാക്കിയിട്ടുള്ളതുമാണ്. വിതരണം ചെയ്തിട്ടുള്ളവയിൽ പോക്ക് വരവ് നടപടി, അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ചെയ്ത് വരുന്നു. അവശേഷിക്കുന്ന 850 കേസുകളിൽ സ്കെച്ച്, മഹസർ എന്നിവ തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. വിദേശത്തുള്ളവർ, മരണപ്പെട്ടവർ, അവകാശ തർക്കം എന്നീ കാരണങ്ങളാൽ 350 പട്ടയകേസുകളിൽ നടപടി സ്വീകരിക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്. ഇതു കൂടാതെ എരുമേലി തെക്ക് വില്ലേജിൽ സ.ഉ (കൈ) 502/2015/റവ ഉത്തരവ് പ്രകാരം വിതരണം ചെയ്തിരുന്ന പട്ടയങ്ങളിൽ പുതിയ റീ സർവ്വേയുടെ അടിസ്ഥാനത്തിൽ കൈവശം പരിശോധിച്ച് പുതിയ പട്ടയങ്ങൾ നൽകാൻ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ